# പതിനാലാം കേരള നിയമസഭ

## സബ്ജക്റ്റ് കമ്മിറ്റി IV
## (വ്യവസായവും ധാതുക്കളും)

**2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരമുള്ളത് ]

2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി IV
# (വ്യവസായവും ധാതുക്കളും)

**2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരമുള്ളത്]

619/2020

# സബ്ജക്ട് കമ്മിറ്റി IV
# (വ്യവസായവും ധാതുക്കളും)
# (2019-2021)

## ഘടന

ചെയർമാൻ:

ശ്രീ. ഇ. പി. ജയരാജൻ,
വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ:

ഡോ. ടി. എം. തോമസ് ഐസക്,
ധനകാര്യവും കയറും വകുപ്പുമന്ത്രി.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,
മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും
കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. ആന്റണി ജോൺ

പ്രൊഫ. കെ. യു. അരുണൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ .

ശ്രീ. സി. കൃഷ്ണൻ

ശ്രീ. കെ. എസ്. ശബരീനാഥൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2019 മേയ് 28-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ 23-7-2020-ാം തീയതിയിൽ ചേർന്ന സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2020 ജൂലൈ 23-ന് ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു

ഇ. പി. ജയരാജൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2020 ജൂലൈ 23.

# റിപ്പോർട്ട്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി IV-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2019 മാർച്ച് 13-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിക്കുകയും 2019 മേയ് 28-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ വ്യവസായ വകുപ്പിനെ സംബന്ധിക്കുന്ന 55 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച നടപടി പത്രികകൾ 23-7-2020-ാം തീയതിയിലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2019-20-ലെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും അദ്ധ്യായം I ആയും മറുപടി ലഭിക്കാനുള്ള ശിപാർശകളെ സംബന്ധിച്ച വിവരം അദ്ധ്യായം II ആയും ചേർത്തിരിക്കുന്നു.

## അദ്ധ്യായം I

**2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും**

### ശിപാർശ

2851-00-001-93— കപ്പാസിറ്റി ബിൽഡിംഗ് / ഊർജിത വ്യവസായവൽക്കരണ പരിപാടി

ബഡ്ജറ്റ് വിഹിതം : 8 കോടി രൂപ (പ്ലാൻ)

സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ബ്ലോക്ക്, താലൂക്ക്, ജില്ലാതലങ്ങളിൽ സൂക്ഷ്മ, ചെറുകിട ഇടത്തരം വ്യവസായ സംരംഭക മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിക്കായി മേൽ ശീർഷകത്തിൽ 2 കോടി രൂപ കൂടി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള സാമ്പത്തിക നിയന്ത്രണം കാരണം ടി പദ്ധതിയിൽ വകയിരുത്തിയിരുന്ന 800 ലക്ഷം രൂപയിൽ 508.41 ലക്ഷം രൂപയെ 17-1-2020 വരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ബാക്കി തുക പൂർണ്ണമായും ചെലവഴിക്കണമെങ്കിൽ ട്രഷറി നിയന്ത്രണത്തിൽ അയവ് വരുത്തേണ്ടതായിട്ടുണ്ട്. 2019-20 വർഷത്തെ അവസാന പാദത്തിൽ തുക ലഭിച്ചാലും ഈ ധനകാര്യ വർഷം ബാക്കിയുള്ള രണ്ട് മാസത്തിനകം പദ്ധതി പൂർത്തീകരിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത 2 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിക്കേണ്ടതില്ലായെന്ന വിവരം അറിയിക്കുന്നു.

<u>ശിപാർശ</u>

4860-01-195-92— <u>ടെക്സ്റ്റ് ഫെഡിന്റെ അധീനതയിലുള്ള പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ നവീകരണം</u>

ബഡ്ജറ്റ് വിഹിതം : 80 ലക്ഷം രൂപ (പ്ലാൻ)

സർക്കാർ ആശുപത്രികൾക്കാവശ്യമായ കോട്ടൺ ബാൻഡേജ്, വകുപ്പുകളിൽ ആവശ്യമായ യൂണിഫോം എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 1.2 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

'4860-01-195-92— ടെക്സ്റ്റ്ഫെഡിന്റെ അധീനതയിലുള്ള പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ നവീകരണം' എന്ന ശീർഷകത്തിലെ നീക്കിയിരുപ്പ് തുക ചെലവഴിച്ച ശേഷം വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്ന മുറയ്ക്ക്, നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സംസ്ഥാനത്തിന്റെ വിഭവലഭ്യത കൂടി കണക്കിലെടുത്തുകൊണ്ട് ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

<u>ശിപാർശ</u>

2851-00-103-95— <u>കൈത്തറിത്തുണി വില്പനയിലെ റിബേറ്റ്</u>

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (നോൺ പ്ലാൻ)

കൈത്തറി യൂണിറ്റുകൾക്ക് വിൽപ്പനയുടെ 20-30% വരെ സർക്കാർ കിഴിവ് (റിബേറ്റ്) നൽകുന്നതിലൂടെ നിലവിൽ 25 കോടി രൂപയുടെ കുടിശ്ശികയുണ്ടെന്നും ഈ കുടിശ്ശിക നൽകി റിബേറ്റ് കാലോചിതമാക്കുന്നതിന് 2019-20 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളുടെ 2012-13 മുതൽ 2018-19 വരെയുള്ള കാലയളവിലെ റിബേറ്റ് കുടിശ്ശികയിനത്തിൽ 31-8-2019 തീയതിയിലെ സ.ഉ.(ആർ.റ്റി) നമ്പർ 6977/2019/ധന. സർക്കാർ ഉത്തരവ് പ്രകാരം 2851-00-103-95-33- കൈത്തറി തുണി വില്പനയിലെ റിബേറ്റ് (പദ്ധതിയേതരം) എന്ന ശീർഷകത്തിൽ 10 കോടി രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2851-00-103-74— പരിശീലനവും വികസനവും

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

കൈത്തറിയുമായി ബന്ധപ്പെട്ട കേന്ദ്രസർക്കാർ അംഗീകരിച്ച കോഴ്സുകൾ കണ്ണൂരിൽ സ്ഥിതി ചെയ്യുന്ന കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം എന്ന സ്ഥാപനത്തിൽ നടത്തണമെന്ന ലക്ഷ്യത്തോടെയുള്ളതാണ് ഈ പദ്ധതി എന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ഭൂരിഭാഗവും നെയ്ത്തുകാരുടെയും സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ഉള്ളവരുടെ മക്കളുമായതിനാൽ വിദ്യാർത്ഥികളുടെ സ്റ്റൈപന്റ്, സ്ഥാപനത്തിന്റെ ഭരണ ചെലവിന്റെ ഒരംശം എന്നിവ സർക്കാർ വഹിച്ചുവരുന്നു. ആയതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 1.7 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

'2851-00-103-74-പരിശീലനവും വികസനവും' ശീർഷകത്തിലെ നീക്കിയിരുപ്പ് തുക ചെലവഴിച്ച ശേഷം ധനവിനിയോഗ സാക്ഷ്യപത്രം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി എക്സിക്യൂട്ടീവ് ഡയറക്ടർ/ കൈത്തറി ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക്, നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സംസ്ഥാനത്തിന്റെ വിഭവലഭ്യത കൂടി കണക്കിലെടുത്തുകൊണ്ട് ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ

4851-00-195-95— കൈത്തറി അപ്പക്സ് സംഘം നിക്ഷേപങ്ങൾ (ഹാന്റക്സ്)

ബഡ്ജറ്റ് വിഹിതം : 2.20 കോടി രൂപ (പ്ലാൻ)

അയ്യായിരത്തിലേറെ വരുന്ന കൈത്തറി നെയ്ത്തുകാരെ വ്യക്തമായ പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളെ കൂടി സംയോജിപ്പിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കൈത്തറി സുരക്ഷാ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട നെയ്ത്തുകാരെ ഉൾപ്പെടുത്തി മാർക്കറ്റിൽ ഡിമാന്റുള്ള ഉത്പന്നങ്ങൾ ഉല്പാദിപ്പിച്ച് ഹാന്റക്സ് മുഖാന്തരം വിപണനം നടത്തുവാൻ ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിന് മൂന്ന് മാസത്തേയ്ക്കുള്ള ഉല്പാദനച്ചെലവ്, വില്പന ശാലാ നവീകരണം, കമ്പ്യൂട്ടറൈസേഷൻ എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5.8 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

4851-00-195-95-കൈത്തറി അപ്പക്സ് സംഘം നിക്ഷേപങ്ങൾ (ഹാന്റക്സ്) എന്ന ശീർഷകത്തിലെ 2019-20 സാമ്പത്തിക വർഷത്തെ നീക്കിയിരുപ്പ് തുക ചെലവഴിച്ച ശേഷം ധനവിനിയോഗ സാക്ഷ്യപത്രം, കൈത്തറി ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക്, നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി കണക്കിലെടുത്തുകൊണ്ട് ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ

2851-00-103-64— വിപണന കയറ്റുമതി ഉന്നമന പദ്ധതി

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ)

കയറ്റുമതി പ്രോത്സാഹന ധനസഹായം, കൈത്തറി ഉല്പന്നങ്ങളുടെ ബ്രാൻഡിംഗ്, നെയ്ത്തുകാരുടെ അവാർഡ്/ വീവേഴ്സ് ഫെസ്റ്റ് എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

'2851-00-103-64- വിപണന കയറ്റുമതി ഉന്നമന പദ്ധതി ശീർഷകത്തിലെ നീക്കിയിരുപ്പ് തുക ചെലവഴിച്ച ശേഷം ധനവിനിയോഗ സാക്ഷ്യപത്രം, കൈത്തറി ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക്, നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സംസ്ഥാനത്തിന്റെ വിഭവലഭ്യത കൂടി കണക്കിലെടുത്തുകൊണ്ട് ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

4851-00-190-99—കേരള കൈത്തറി വികസന കോർപ്പറേഷൻ നിക്ഷേപങ്ങൾ (ഹാൻവീവ്)

ബഡ്ജറ്റ് വിഹിതം : 88.20 ലക്ഷം രൂപ (പ്ലാൻ)

2019-20 സാമ്പത്തിക വർഷം നെയ്ത്ത് പരിശീലനം നൽകിയ 2000 പേരെ നെയ്ത്തുകാരായി കണക്കാക്കി പുതിയ തറികൾ വിതരണം ചെയ്ത് ഉല്പാദനം നടത്തി ഹാൻവീവിനെ ലാഭത്തിലാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 4.118 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സംസ്ഥാനത്തിന്റെ വിഭവലഭ്യത കൂടി കണക്കിലെടുത്തുകൊണ്ട് ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ

2851-00-103-38— നെയ്ത്തുകാർക്കും തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതി

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

ഒരു ദിവസം നിശ്ചിത അളവിൽ അധികമായി ജോലി ചെയ്യുന്ന കൈത്തറി തൊഴിലാളികൾക്ക് നൽകി വരുന്ന ഒരു പ്രോത്സാഹന പദ്ധതിയാണ് ഇതെന്നും പ്രതിദിനം സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ നെയ്യുന്നവർക്ക്/ നൂൽ ചുറ്റുന്നവർക്ക് ഓരോ അധിക മീറ്ററിനും ഇരട്ടി വേതനം, പരമാവധി 1,000 രൂപ വരെ പ്രതിവാരം ധനസഹായം ലഭിക്കുമെന്നും, സ്കൂൾ യൂണിഫോം പദ്ധതിയും മറ്റ് പുതിയ പദ്ധതികളും കാരണം നെയ്ത്തുകാർ കൂടുതലായി ഈ മേഖലയിലേയ്ക്ക് വരികയും തന്മൂലം ഉല്പാദനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഇപ്രകാരം കൂടുതൽ തുക ആവശ്യമായി വരുന്ന പശ്ചാത്തലത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷത്തെ '2851-00-103-38' ബഡ്ജറ്റ് വിഹിതത്തിൽ (5 കോടി രൂപ) ചെലവൊന്നും വന്നിട്ടില്ലാത്ത സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ച ശേഷം നിലവിലുള്ള പദ്ധതി വിഹിതങ്ങളുടെ പുനഃക്രമീകരണത്തിലൂടെ തുക കണ്ടെത്തി കൈത്തറി ഡയറക്ടർ അറിയിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ</u>

6860-01-190-95— <u>കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് വായ്പകൾ</u>

ബഡ്ജറ്റ് വിഹിതം : 61 കോടി രൂപ (പ്ലാൻ)

മലബാർ സ്പിന്നിംഗ് & വീവിംഗ് മില്ലിന്റെ പുനരുദ്ധാരണത്തിനായി 29.53 കോടി രൂപയ്ക്ക് 2018-19-ൽ ഭരണാനുമതി ലഭിച്ചെങ്കിലും 25 കോടി രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. ആയത് പദ്ധതിയുടെ പൂർത്തീകരണത്തിന് അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സ്വീകരിച്ച നടപടി</u>

'6860-01-190-95- കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് വായ്പകൾ' എന്ന ശീർഷകത്തിലെ നീക്കിയിരുപ്പ് തുക ചെലവഴിച്ച ശേഷം ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്ന മുറയ്ക്ക്, നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സംസ്ഥാനത്തിന്റെ വിഭവലഭ്യത കൂടി കണക്കിലെടുത്തുകൊണ്ട് ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

### ശിപാർശ

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളിൽ അടിയന്തരമായി നടത്തേണ്ട അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കിയിട്ടുള്ള സാഹചര്യത്തിൽ മില്ലുകളുടെ അറ്റകുറ്റപ്പണികൾക്കായി മേൽ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

### സ്വീകരിച്ച നടപടി

'6860-01-190-95-കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് വായ്പകൾ എന്ന ശീർഷകത്തിലെ നീക്കിയിരുപ്പ് തുക ചെലവഴിച്ച ശേഷം ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്ന മുറയ്ക്ക്, നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സംസ്ഥാനത്തിന്റെ വിഭവലഭ്യത കൂടി കണക്കിലെടുത്തുകൊണ്ട് ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## അദ്ധ്യായം II

**2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിക്കുവാനുള്ള ഖണ്ഡികകൾ**

| വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|
| വ്യവസായം | 1, 3-11, 23-50, 53, 54, 55 |
| കയർ | 19-22 |

ഇ. പി. ജയരാജൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2020 ജൂലൈ 23.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.